**രജിസ്റ്റേർഡ്**

നം : വിബി4/47344/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 16/03/2018
ഇ-മെയിൽ - vigilancedpi@gmail.com
ഫോൺ നം. 0471-2580573

## കാരണം കാണിക്കൽ നോട്ടീസ്

**വിഷയം:-** പൊതു വിദ്യാഭ്യാസം - വിജിലൻസ് - അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് - ശ്രീമതി. എസ്. അനിത, ക്ലാർക്ക്, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം - കാരണം കാണിക്കൽ നോട്ടീസ് - സംബന്ധിച്ച്.

**സൂചന:-**
1. ശ്രീമതി. എസ്. അനിതക്ക് നൽകിയ ഇതേ നമ്പർ കുറ്റപത്രം തീയതി: 11.11.2016.
2. 24.07.2017 തീയതിയിലെ മാധ്യമം, ദേശാഭിമാനി എന്നീ പത്രങ്ങളിൽ വന്ന പരസ്യം.
3. ശ്രീമതി. എസ്. അനിതക്ക് അയച്ച് നൽകിയ ഇതേ നമ്പർ നേർക്കാഴ്ച്ച അറിയിപ്പ് തീയതി: 16 2.2018.

ശ്രീമതി. അനിത. എസ് എന്ന താങ്കൾ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്കായി ജോലി ചെയ്ത് വരവെ, 15.03.2016-ാം തീയതി മുതൽ അനധികൃതമായി ഹാജരാകാത്തതിനെ തുടർന്ന് താങ്കൾക്കെതിരെ ഈ ഓഫീസിൽ നിന്നും അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. അച്ചടക്ക നടപടിയുടെ ഭാഗമായി സൂചന (1) പ്രകാരം താങ്കൾക്ക് കുറ്റപത്രം നൽകിയിരുന്നു. എന്നാൽ താങ്കളിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാകാത്തതിനാൽ സൂചന (2) പ്രകാരം പത്രപരസ്യവും നൽകിയിരുന്നു. തുടർന്ന് ഈ വിഷയത്തിൽ 28.02.2018-ാം തീയതി താങ്കളെ നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും, താങ്കൾക്കുള്ള നേർക്കാഴ്ച്ച അറിയിപ്പ് രജിസ്ട്രേഡ് തപാലായി താങ്കൾ ശൂന്യവേതനാവധി അപേക്ഷയിൽ കാണിച്ചിരുന്ന രണ്ട് അഡ്രസ്സുകളിൽ അയച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ താങ്കൾ രാജ്യം വിട്ടുപോയി എന്ന കുറിപ്പോട് കൂടി ഒരു രജിസ്ട്രേഡ് തപാൽ മടങ്ങി വന്നിരുന്നു.

മേൽ സാഹചര്യത്തിൽ താങ്കൾക്കെതിരെയുള്ള ശിക്ഷാ നടപടിയുടെ ഭാഗമായി 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 11 (VII) പ്രകാരം താങ്കളെ 15.03.2016-ാം തീയതി മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. താങ്കൾക്കെതിരായ മേൽ ശിക്ഷ നടപടി സ്വീകരിക്കാതിരിക്കുന്നതിന് മതിയായ കാരണം

ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസങ്ങൾക്കുള്ളിൽ താങ്കളുടെ വിശദീകരണം രേഖാമൂലം ഈ ഓഫീസിൽ നൽകേണ്ടതാണ്. താങ്കളുടെ വിശദീകരണം നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാകാത്തപക്ഷം താങ്കൾക്ക് ഈ വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ താങ്കൾക്കെതിരെ താല്ക്കാലികമായി തീരുമാനിച്ച ശിക്ഷ നടപടി സ്ഥിതീകരിച്ച് ഉത്തരവാകുന്നതാണ്. താങ്കളെ ഈ വിഷയത്തിൽ നേരിൽ കേൾക്കണമെങ്കിൽ ആ വിവരം കൂടി രേഖാമൂലം അറിയിക്കേണ്ടതാണ്.

**ജെസ്സി ജോസഫ്**
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(ജനറൽ) & വിജിലൻസ് ഓഫീസർ**

1. ശ്രീമതി. അനിത. എസ്. വേലായുധം, കോട്ടുകോണം ഗാർഡൻസ്, പുന്നയ്ക്കാമുഗൾ, ആറാമട. പി. ഒ., തിരുവനന്തപുരം
2. Smt. Anitha S., MD Department Equate, Petrochemicals, Shuaiba, Kuwait
3. ജോയിന്റ് കമ്മീഷണർ, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
4. സൂപ്രണ്ട്, 'സി' സെക്ഷൻ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.